REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-03-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമ സഭാ തെരഞ്ഞെടുപ്പ് നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു.**
- **നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാൻ മറ്റന്നാൾ വരെ സമയം.**
- **സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനം ആരംഭിച്ചു.**
- **ശരീരഭാരം കുറയ്ക്കുന്ന മരുന്നുകളുടെ അനധികൃത വിൽപ്പനയ്ക്കും പ്രചാരണത്തിനുമെതിരെ നിരീക്ഷണം ശക്തമാക്കി.**
- **പാലക്കാട് നെന്മാറ വല്ലങ്ങി വേലയ്ക്ക് കൊടിയേറി.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമ സഭാ തെരഞ്ഞെടുപ്പ് നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ആരംഭിച്ചു. പത്രികകൾ പിൻവലിക്കാൻ മറ്റന്നാൾ വരെയാണ് സമയം.

140 മണ്ഡലങ്ങളിലായി 1,252 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചത്. ആകെ 2,117 പത്രികകൾ സമർപ്പിച്ചു. പിഴവുകൾ ഒഴിവാക്കാൻ ഭൂരിഭാഗം സ്ഥാനാർത്ഥികളും ഒന്നിലധികം പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട്ടാണ് കൂടുതൽ സ്ഥാനാർത്ഥികൾ-141.

137ഉം 136 ഉം സ്ഥാനാർത്ഥികളുമായി മലപ്പുറവും തിരുവനന്തപുരവുമാണ് തൊട്ടു പിന്നിൽ. വയനാട്ടിലാണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചത്. 28 പേർ.

✪✪✪

കണ്ണൂർ ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലായി ആകെ 117 സ്ഥാനാർഥികൾ നാമനിർദേശ പത്രിക സമർപ്പിച്ചു. തളിപ്പറമ്പിൽ 15ഉം കൂത്തുപറമ്പ്, പേരാവൂർ മണ്ഡലങ്ങളിൽ 14 വീതവും അഴിക്കോട്, കണ്ണൂർ, തലശ്ശേരി, എന്നിവിടങ്ങളിൽ 11വീതവും കല്ല്യാശ്ശേരി, ധർമ്മടം, മട്ടന്നൂർ എന്നിവിടങ്ങളിൽ 9 വീതവും പയ്യന്നൂർ, ഇരിക്കൂർ മണ്ഡലങ്ങളിൽ 7 വീതം സ്ഥാനാർഥികളുമാണ് പത്രിക നൽകിയത്.

✪✪✪

റനിയമസഭാ തിരഞ്ഞെടുപ്പിന് പത്തനംതിട്ട ജില്ലയിൽ ആകെ സമർപ്പിച്ചത് 60 സെറ്റ് നാമനിർദേശ പത്രിക. ഇന്നലെ 45 സെറ്റ് പത്രിക കൂടിയാണ് സമർപ്പിച്ചത്. ജില്ലയിൽ 31 സ്ഥാനാർഥികൾ പത്രിക നൽകി.

✪✪✪

വോട്ടർപട്ടികയിൽ പേരു ചേർക്കാൻ സമയപരിധി അവസാനിച്ചതിന് ശേഷം എറണാകുളം ജില്ലയിൽ 25 ലക്ഷത്തി 03,842 വോട്ടർമാർ ഉണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ G പ്രിയങ്ക അറിയിച്ചു. ഇതിൽ 12 ലക്ഷത്തി 18,707 പുരുഷന്മാരും, 12 ലക്ഷത്തി 85,108 സ്ത്രീകളും, 27 ട്രാൻസ്ജെൻഡർമാരുമാണ്. സ്വീപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി വോട്ടർമാരുടെ സംഖ്യ വർദ്ധിപ്പിക്കാൻ സാധിച്ചതായും അവർ പറഞ്ഞു. ജില്ലയിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 33,406 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും കലക്ടർ അറിയിച്ചു.

ജില്ലയിൽ 3148 പോളിംഗ് സ്റ്റേഷനുകളുണ്ട്. സ്ത്രീകൾ നിയന്ത്രിക്കുന്ന 14 ബൂത്തുകളും, 70 മോഡൽ പോളിംഗ് സ്റ്റേഷനുകളും, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന രണ്ട് ബൂത്തുകളും ജില്ലയിൽ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

തെരഞ്ഞെടുപ്പ് പ്രചാരണത്തോട് അനുബന്ധിച്ച് ബാനറുകളും പതാകകളും പ്രദർശിപ്പിക്കുന്നതിന് നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് അധികൃതർ വ്യക്തമാക്കി.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

..........( വോയ്സ്)............

✪✪✪

തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ദിവ്യാംഗർക്ക് പങ്കുചേരുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ 'സക്ഷം' മൊബൈൽ ആപ്പിൽ സേവനങ്ങൾ ഒരുക്കി. ഈ ആപ്പിലൂടെ എളുപ്പത്തിൽ വോട്ടർ തിരിച്ചറിയൽരേഖ നേടാനും, വോട്ട് രേഖപ്പെടുത്താനും സാധിക്കും.

കാഴ്ച പരിമിതരായവർക്ക് ശബ്ദസഹായവും, കേൾവി പരിമിതരായവർക്ക് എഴുത്ത് സംസാര രൂപത്തിലാക്കുന്ന ടെക്സ്റ്റ്-ടു-സ്പീച്ച് ഓപ്ഷൻ സൗകര്യങ്ങളും ഇതിൽ ഉണ്ട്.

വോട്ടെടുപ്പ് ദിവസം പോളിംഗ് ബൂത്തിൽ വീൽചെയർ ആവശ്യമായവർക്ക് മുൻകൂട്ടി അപേക്ഷിക്കാം. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നേരിടുന്ന ബുദ്ധിമുട്ടുകളേക്കുറിച്ച് പരാതി നൽകാനും ഈ ആപ്പ് സഹായിക്കും.

✪✪✪

സംസ്ഥാനത്ത് പ്രിസൈഡിങ് ഓഫീസർമാരുടെയും, ഫസ്റ്റ് പൊളിംഗ് ഓഫീസർമാരുടെയും, മൈക്രോ ഒബ്സർവർമാരുടെയും പരിശീലനം ആരംഭിച്ചു. രാവിലെയും ഉച്ചക്കുമായി രണ്ട് സെഷനുകളിലാണ് പരിശീലനം. പരീക്ഷ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് നിശ്ചിത ദിവസം പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ ഇന്ന് മുതൽ 29 വരെ ഏതെങ്കിലും തിയ്യതിയിൽ പരിശീലനം നേടാവുന്നതാണ്.

✪✪✪

ശരീരഭാരം കുറയ്ക്കുന്ന മരുന്നുകളുടെ അനധികൃത വിൽപ്പനയ്ക്കും പ്രചാരണത്തിനുമെതിരെ ഡ്രഗ്സ് കൺട്രോളർ ഓഫ് ഇന്ത്യ, നിരീക്ഷണം ശക്തമാക്കി. റീട്ടെയിൽ ഫാർമസികൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, മൊത്തക്കച്ചവടക്കാർ, വെൽനസ് ക്ലിനിക്കുകൾ എന്നിവയിലൂടെ വിപണിയിൽ ഈ മരുന്നുകളുടെ ലഭ്യത വർദ്ധിക്കുന്ന സാഹചര്യത്തിലാണ് നടപടി. ഡോക്ടറുടെ നിർദേശമില്ലാതെ മരുന്നുകൾ ഉപയോഗിക്കുമ്പോൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

✪✪✪

അസം റൈഫിൾസിന്റെ സ്ഥാപക ദിനത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് റൈഫിൾസിലെ എല്ലാ സൈനികർക്കും ആശംസ നേർന്നു. അതിർത്തി പ്രദേശങ്ങൾ സംരക്ഷിക്കുന്നതിലൂടെ രാജ്യത്തിന്റെ സുരക്ഷാ സംവിധാനത്തിൽ സേന നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് രാജ്നാഥ് സിംഗ് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇറാനിലെ പ്രധാന ഊർജ്ജ, വൈദ്യുതി കേന്ദ്രങ്ങൾക്കെതിരായ ആക്രമണങ്ങൾ താൽക്കാലികമായി നിർത്തിവെക്കാൻ നിർദ്ദേശം നൽകിയതായി US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. രണ്ട് ദിവസമായി അമേരിക്കയും ഇറാനും തമ്മിലെ പ്രാഥമിക സംഭാഷണങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തതെന്നും, ട്രംപ് അറിയിച്ചു. ഇറാൻ ഒരിക്കലും ആണവായുധം കൈവശപ്പെടുത്തുന്നില്ലെന്ന് US ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കാലാവസ്ഥാ സുരക്ഷ, ഊർജ്ജ സുരക്ഷ, ദേശീയ സുരക്ഷ എന്നിവ ഉറപ്പാക്കാൻ ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറാൻ UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ലോക രാജ്യങ്ങളോട് ആഹ്വാനം ചെയ്തു.

കാർബൺ ഡൈ ഓക്സൈഡ് പോലെ വാതകങ്ങളുടെ അമിതപുറന്തള്ളൽ മൂലം കാലാവസ്ഥ അസന്തുലിതമാണെന്ന് UN കാലാവസ്ഥാ സംഘടന മുന്നറിയിപ്പ് നൽകി. ഊർജ്ജ അസന്തുലിതാവസ്ഥ സമുദ്രത്തെ കൂടുതൽ ചൂടാക്കിയെന്നും, സമുദ്രജീവികളെ ദോഷകരമായി ബാധിച്ചെന്നും ശാസ്ത്രജ്ഞർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായതോടെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ കൂടുതൽ സജീവമായി. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കുറഞ്ഞ പ്രചാരണ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പരമാവധി വോട്ടർമാരെ കാണുന്ന തിരക്കിലാണ് സ്ഥാനാർത്ഥികൾ. വരുംദിവസങ്ങളിൽ കൺവൻഷനുകളും റാലികളും കൂടുതൽ സ്ഥലങ്ങളിൽ സംഘടിപ്പിക്കാനൊരുങ്ങുകയാണ് മുന്നണികളുടെ നേതാക്കളും, പ്രവർത്തകരും. താരപ്രചാരകരെ ഓരോ കേന്ദ്രത്തിലും എത്തിച്ചായിരിക്കും പ്രചാരണത്തിന് കൊഴുപ്പുകൂട്ടുക.

NDA യുടെ സ്ഥാനാർത്ഥികൾക്കായി വോട്ടു ചോദിക്കാനും പ്രവർത്തകരെ ആവേശം കൊള്ളിക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 29 ന് തൃശൂരും, പാലക്കാടും തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പ്രസംഗിക്കും. തൃശൂരിൽ റോഡ് ഷോയും, പാലക്കാട്ട് റാലിയുമാണ് സംഘടിപ്പിക്കുന്നത്. കേന്ദ്ര ആഭ്യന്തരമന്ത്രിയും, മുതിർന്ന BJP നേതാവുമായ അമിത്ഷാ, പാർട്ടി അഖിലേന്ത്യാ പ്രസിഡണ്ട് നിതിൻ നബീൻ, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, നിർമ്മലാ സീതാരാമൻ, ഡോ.S.ജയശങ്കർ തുടങ്ങിയവരും പ്രചാരണത്തിനെത്തുമെന്നാണ് കരുതുന്നത്.

UDF ന് വേണ്ടി താരപ്രചാരകരായി എത്തുന്നത് ലോക്സഭാ പ്രതിപക്ഷ നേതാവും, കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധിയും, AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധിയുമാണ്. കൂടാതെ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി DK ശിവകുമാർ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, അശോക് ഗെലോട്ട്, സച്ചിൻ പൈലറ്റ്, ജയറാം രമേശ് തുടങ്ങിയവരും പ്രചാരണത്തിനെത്തും.

LDF ന് വേണ്ടി CPIM ജനറൽ സെക്രട്ടറി MA ബേബി കണ്ണൂരിലാണ് പ്രചാരണത്തിന് തുടക്കമിടുന്നത്. ഈ മാസം 28 ന് കണ്ണൂരിലും, 29 ന് കാസർകോടും, 30 ന് കോഴിക്കോടും, 31 ന് വയനാട്ടിലും MA ബേബി പ്രചാരണത്തിനിറങ്ങും. അടുത്ത മാസം ഒന്നിന് മലപ്പുറം, രണ്ടിന് തൃശൂർ, മൂന്നിന് എറണാകുളം, നാലിനും, അഞ്ചിനും കോട്ടയം, തിരുവനന്തപുരം എന്നിങ്ങനെയാണ് ബേബിയുടെ പ്രചാരണം. കൂടാതെ PB അംഗങ്ങളായ വിജു കൃഷ്ണൻ, മറിയം ധാവ്ളെ, സുഭാഷിണി അലി എന്നിവരും LDF പ്രചാരണത്തിനെത്തും.

✪✪✪

NDA കുന്നത്തൂർ മണ്ഡലം തെരഞ്ഞെടുപ്പ് കൺവൻഷൻ നാളെ കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് ശാസ്താംകോട്ട ഭരണിക്കാവിലാണ് കൺവൻഷൻ.

✪✪✪

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനാൽ അധ്യക്ഷസ്ഥാനത്തുനിന്ന് മാറില്ലെന്ന് KPCC പ്രസിഡന്റ് സണ്ണിജോസഫ് അറിയിച്ചു. നാലംഗ താല്ക്കാലിക സമിതിക്ക് ചുമതല നല്കിയിട്ടുണ്ടെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേലക്ക് ഇരു ദേശങ്ങളിലും കൊടിയേറി. ഏപ്രിൽ മൂന്നിനാണ് വേല.

പാലക്കാട് നിന്നും ഫൈസൽ അലി മുത്ത് ....

.....(വോയ്സ്)..............

✪✪✪

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗമെന്ന പകർച്ചവ്യാധിയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. "അതെ! നമുക്ക് ടിബി അവസാനിപ്പിക്കാൻ കഴിയും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ആഗോളതലത്തിൽ ജനങ്ങളെ ബാധിക്കുന്ന പ്രധാന ആരോഗ്യ വെല്ലുവിളിയാണ് ക്ഷയരോഗമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു അഭിപ്രായപ്പെട്ടു. നേരത്തെ രോഗനിർണയം നടത്തി സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിലും, പോഷകാഹാര പിന്തുണ ശക്തിപ്പെടുത്തുന്നതിലും, "TB മുക്ത് ഭാരത് അഭിയാൻ" ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

✪✪✪

ക്ഷയരോഗം ഇല്ലാതാക്കാനും ദുർബലരായവർക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കാനും കേന്ദ്രമന്ത്രി JP നദ്ദ ആഹ്വാനം ചെയ്തു. ആരോഗ്യ പ്രവർത്തകരുടെ അക്ഷീണ സേവനത്തിനും പരിചരണത്തിനും നന്ദി പ്രകടിപ്പിച്ച മന്ത്രി, ടിബി മുക്ത് ഭാരതത്തിനും ആരോഗ്യകരവും ശക്തവുമായ രാഷ്ട്രത്തിനും വേണ്ടി പ്രവർത്തിക്കാൻ ജനങ്ങളോട് ആവശ്യപ്പെട്ടു.

✪✪✪

ജമ്മു കശ്മീരിലെ ശ്രീനഗർ, ബാരാമുള്ള, ജമ്മു, കുൽഗാം, ഗന്ധർബാൽ, ഹന്ദ്വാര ജില്ലകളിലെ ഒമ്പത് സ്ഥലങ്ങളിൽ NIA പരിശോധന നടത്തി. കഴിഞ്ഞ നവംബർ പത്തിന് ഡൽഹി ചുവപ്പുകോട്ട ബോബ് സ്ഫോടന അന്വേഷണത്തിന്റെ ഭാഗമായായിരുന്നു തിരച്ചിൽ. നിരവധി ഡിജിറ്റൽ ഉപകരണങ്ങൾ പിടിച്ചെടുത്തതായും ഇവ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചതായും NIA അറിയിച്ചു. സ്ഫോടനവുമായി ബന്ധപ്പെട്ട് 11 പ്രതികളെയാണ് ഇതുവരെ അറസ്റ്റു ചെയ്തത്.

✪✪✪

രണ്ടാമത് TN പ്രകാശ് സാഹിത്യ പുരസ്കാരം കണ്ണൂരിൽ ജമാൽ കൊച്ചങ്ങാടിയ്ക്ക് വൈകീട്ട് നോവലിസ്റ്റ് M. മുകുന്ദൻ സമ്മാനിക്കും.

സിനഗോഗ് ലൈൻ എന്ന നോവലിനാണ് പുരസ്കാരം. അനുസ്മരണ സമ്മേളനം കഥാകൃത്ത് T പദ്മനാഭൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല സന്നിധാനത്ത് ഇന്നലെ ഉത്സവം കൊടിയേറി. 10 ദിവസത്തെ ഉത്സവത്തിന് തന്ത്രി കണ്ഠരര് മഹേഷ് മോഹനരരാണ് കൊടിയേറ്റിയത്

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: ശ്രുതി എം, ഫർദിസ് AV*
*DEO: ഷീബ*